# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE: 04.02.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1). **പാർലമെന്റിന്റെ ബജറ്റ് സമ്മേളനം ഇന്നും തുടരും; രാഷ്ട്രപതിയുടെ നയപ്രഖ്യാപനത്തിൻമേലുള്ള നന്ദി പ്രമേയ ചർച്ചയിൽ തൊഴിലില്ലായ്മ, വിലക്കയറ്റം, രൂപയുടെ മൂല്യത്തകർച്ച തുടങ്ങിയവ ഉന്നയിച്ച് പ്രതിപക്ഷം.**

**The Parliament's Budget Session Continues Today; Opposition Raises Issues of Unemployment, Inflation, and Currency Depreciation During the Thank You Motion on President's Policy Address.**

2). **രാജ്യത്തെ തൊഴിലില്ലായ്മ നിരക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 3.2 ശതമാനമായി കുറഞ്ഞെന്ന് കേന്ദ്രസർക്കാർ ലോക്സഭയിൽ.**

**Estimated unemployment rate declines to 3.2 per cent during last fiscal, says Government in Lok Sabha.**

3). **ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പ് നാളെ; ക്രമീകരണങ്ങൾ അവസാന ഘട്ടത്തിൽ.**

**Delhi Assembly Elections Tomorrow; Final Preparations Underway.**

**4). ജമ്മുകശ്മീരിലെ സുരക്ഷാ വിഷയങ്ങളിൽ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷായുടെ നേതൃത്വത്തിൽ ഇന്ന് ന്യൂഡൽഹിയിൽ ഉന്നതതലയോഗം ചേരും.**

**Union Home Minister Amit Shah to chair a security review meeting on Jammu and Kashmir in New Delhi Today.**

**5). ഇന്ന് ലോക അർബുദ ദിനം; കേരളത്തിൽ ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിൻറെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.**

**World Cancer Day Today; Kerala Chief Minister Pinarayi Vijayan to Inaugurate State-Level Public Cancer Awareness Campaign.**

**6). മെക്സിക്കോയ്ക്ക് ഇറക്കുമതി തീരുവ ഏർപ്പെടുത്തിയ നടപടി താൽക്കാലികമായി മരവിപ്പിച്ചതായി യു.എസ് പ്രസിഡന്റ്.**

**US President Announces Temporary Delay in Import Tariffs Imposed on Mexico.**

==============================================

**PARLIAMENT MOTION OF THANKS(INTRO)**

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം ഇന്നും തുടരും. രാഷ്ട്രപതിയുടെ നയപ്രഖ്യാപനത്തിൻമേലുള്ള നന്ദി പ്രമേയ ചർച്ച ഇന്നലെ ഇരുസഭകളിലും നടന്നു. രാജ്യം വളർന്നിട്ടും തൊഴിലില്ലായ്മ പരിഹരിക്കുന്നതിൽ കേന്ദ്രസർക്കാർ പരാജയപ്പെട്ടതായി ലോക്സഭാ പ്രതിപക്ഷ നേതാവും കോൺഗ്രസ് എംപിയുമായ രാഹുൽ ഗാന്ധി പറഞ്ഞു. മേക്ക് ഇൻ ഇന്ത്യ സംരംഭവും അദ്ദേഹം പരാമർശിച്ചു.

**(VOICE……….)**

മഹാകുംഭ മേള വിഷയവും സഭയിൽ ഉന്നയിക്കപ്പെട്ടു. കുംഭമേളയെ കുറിച്ച് പരാമർശിക്കുമ്പോൾ കോൺഗ്രസ് അസ്വസ്ഥരാവുകയാണെന്ന് ബിജെപി എംപി രവിശങ്കർ പ്രസാദ് ആരോപിച്ചു. രാജ്യം ഇപ്പോൾ യഥാർത്ഥ വികസനത്തിലേക്ക് നീങ്ങുകയാണെന്ന് ബിജെപി അംഗം കിരൺ ചൗധരി രാജ്യസഭയിൽ പറഞ്ഞു.

**(VOICE……….)**

തൊഴിലില്ലായ്മ, വിലക്കയറ്റം, രൂപയുടെ മൂല്യത്തകർച്ച തുടങ്ങിയ വിഷയങ്ങൾ പ്രതിപക്ഷ നേതാവും കോൺഗ്രസ് അംഗവുമായ മല്ലികാർജുൻ ഖർഗെ രാജ്യസഭയിൽ ഉന്നയിച്ചു. ടിഎംസി എംപി ഡെറക് ഒബ്രയാനും  കൃഷി, തൊഴിലില്ലായ്മ, വനിതാ സംവരണം തുടങ്ങിയ വിഷയങ്ങൾ ഉന്നയിച്ചു.

==========================================

**LS-UNEMPLOYMENT**

രാജ്യത്തെ തൊഴിലില്ലായ്മ  നിരക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ആറ്  ശതമാനത്തിൽ നിന്ന് 3.2 ശതമാനമായി കുറഞ്ഞെന്ന് തൊഴിൽ സഹമന്ത്രി ശോഭ  കരന്ദ്ലാജെ ലോക്സഭയിൽ അറിയിച്ചു. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ നാല് കോടിയിലധികം യുവാക്കൾക്ക് തൊഴിൽ അവസരങ്ങളും വൈദഗ്ദ്ധ്യവും മെച്ചപ്പെടുത്തും. ഇതിനായി പ്രധാനമന്ത്രിയുടെ പാക്കേജിന് കീഴിലുള്ള അഞ്ച് പദ്ധതികൾ ഈ സാമ്പത്തിക വർഷത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

==========================================

**ASHWINI VAISHNAV**

കേരളത്തിനുള്ള റെയിൽവേ ബജറ്റ് വിഹിതം 3,042 കോടി രൂപയെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. കേന്ദ്രബജറ്റിൽ പ്രഖ്യാപിച്ച റെയിൽവേ പദ്ധതികളും വകയിരുത്തലും സംബന്ധിച്ച് വാർത്താ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്ത് പുതിയ 15 നമോ ഭാരത് ട്രെയിനുകൾ, 100 അമൃത് ഭാരത് ട്രെയിനുകൾ 200 വന്ദേ ഭാരത് ട്രെയിനുകൾ, എന്നിവ അനുവദിച്ചതായും കേന്ദ്രമന്ത്രി അറിയിച്ചു.

==========================================

**FICCI- POST BUDGET CONFERENCE**

ആഗോളതലത്തിൽ അതിവേഗം വളരുന്ന പ്രധാന സമ്പദ് വ്യവസ്ഥകളിൽ ഒന്നായി ഇന്ത്യ മുന്നേറുകയാണെന്ന് കേന്ദ്രസർക്കാർ. കൃഷി, ആരോഗ്യം, അടിസ്ഥാന സൗകര്യവികസനം തുടങ്ങി എല്ലാ മേഖലകൾക്കും പ്രാധാന്യം നൽകിയുള്ള ബജറ്റാണ് ഇത്തവണത്തേതെന്ന് കേന്ദ്ര ധനകാര്യ സെക്രട്ടറി തുഹിൻ കാന്ത

പാണ്ഡെ പറഞ്ഞു. ന്യൂഡൽഹിയിൽ 2025-26 ലെ കേന്ദ്ര ബജറ്റിനെക്കുറിച്ചുള്ള ഫിക്കി കോൺഫറൻസിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

==============================================

## DELHI ELECTION

ഡൽഹി നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ക്രമീകരണങ്ങൾ അവസാന ഘട്ടത്തിൽ. പരസ്യപ്രചാരണം ഇന്നലെ അവസാനിച്ചു. 70 അംഗ നിയമസഭയിലേയ്ക്ക് നാളെയാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ ഈ മാസം എട്ടിന് നടക്കും. വോട്ടെടുപ്പ് ദിവസം രാവിലെ 7 മുതൽ വൈകിട്ട് 6.30 വരെ തിരഞ്ഞെടുപ്പ് കമ്മീഷൻ എക്സിറ്റ് പോൾ വിലക്കിയിട്ടുണ്ട്.

==============================================

## DELHI METRO

തിരഞ്ഞെടുപ്പ് ഡ്യൂട്ടിക്കായി നിയോഗിച്ചിരിക്കുന്ന ജീവനക്കാരുടെ സൗകര്യാർഥം ഡൽഹി മെട്രോ രാവിലെ 4:00 മണി മുതൽ പ്രവർത്തനമാരംഭിക്കും. എല്ലാ ലൈനുകളിലും 6:00 മണി വരെ ഓരോ 30 മിനിറ്റിലും സർവീസുകളുണ്ടാകും, അതിനുശേഷം ദിവസം മുഴുവൻ പതിവ് സേവനങ്ങൾ ലഭ്യമാകും. നാളെയും മറ്റന്നാളും രാത്രിയിൽ കൂടുതൽ മെട്രോ സർവീസ് നടത്തുമെന്നും ഡിഎംആർസി അറിയിച്ചു.

==============================================

## MORN. AMIT SHAH- J K MEETING

ജമ്മുകശ്മീരിലെ സുരക്ഷാ വിഷയങ്ങൾ സംബന്ധിച്ച് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ ചർച്ച നടത്തും. ജമ്മുകശ്മീർ ലഫ്റ്റനൻറ് ഗവർണർ മനോജ് സിൻഹ, ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ, കേന്ദ്ര ഏജൻസികളുടെ തലവന്മാർ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

==============================================

## EX-SERVICEMAN- KILLED

ദക്ഷിണ കശ്മീരിലെ ഗുൽഗാം ജില്ലയിലുണ്ടായ ഭീകരാക്രമണത്തിൽ മുൻ സൈനികൻ കൊല്ലപ്പെട്ടു. ഇദ്ദേഹത്തിൻറെ കുടുംബാംഗങ്ങൾക്ക് നേരെയും ആക്രമണം ഉണ്ടായി. പ്രദേശത്ത് സുരക്ഷാ സേന തിരച്ചിൽ ഊർജിതമാക്കിയിട്ടുണ്ട്.

==========================================

**ബ്രേക്ക്......**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

==========================================

## PM- TANDON

ഗ്രാമി അവാർഡ് ജേതാവ് ചന്ദ്രിക ടണ്ഡനെ അഭിനന്ദിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യൻ സംസ്കാരത്തോടുള്ള ടണ്ഡൻറെ അഭിനിവേശവും സംഗീതജ്ഞ, സംരംഭക, മനുഷ്യസ്നേഹി എന്നീ നിലകളിലെ പ്രവർത്തനങ്ങളും അഭിനന്ദനീയമാണെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

==========================================

## CANCER DAY

ഇന്ന് ലോക അർബുദ ദിനം. അർബുദ രോഗത്തെക്കുറിച്ചുള്ള അവബോധം ജനങ്ങളിൽ വളർത്തുക, രോഗം മുൻകൂട്ടി കണ്ടുപിടിക്കുക, പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കുക, ചികിത്സ സംവിധാനങ്ങൾ ശക്തിപ്പെടുത്തുക, എന്നിവ ലക്ഷ്യമിട്ടാണ് 2005 മുതൽ എല്ലാ വർഷവും ഫെബ്രുവരി 4, ലോക അർബുദദിനമായി ആചരിക്കുന്നത്. "United by Unique" എന്നതാണ് ഇത്തവണത്തെ പ്രമേയം.

==========================================

## KERALA CM - CANCER CAMP

കേരളത്തിൽ ആരോഗ്യ വകുപ്പിൻറെ 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിൻറെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് നിർവഹിക്കും. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. ഇന്നു മുതൽ അന്താരാഷ്ട്ര വനിതാ ദിനമായ മാർച്ച് 8 വരെയുള്ള ആദ്യഘട്ട കാമ്പയിനിൽ സ്ത്രീകളെ ബാധിക്കുന്ന സ്തനാർബുദം, ഗർഭാശയ ഗളാർബുദം എന്നിവയുടെ പരിശോധനയും ചികിത്സയും ഉറപ്പാക്കും.

==========================================

## KSRTC - STRIKE ( INTRO)

KSRTC യിൽ ട്രാൻസ്പോർട്ട് ഡെമോക്രാറ്റിക് ഫെഡറേഷൻ പ്രഖ്യാപിച്ച 24 മണിക്കൂർ പണിമുടക്ക് ആരംഭിച്ചു. എല്ലാ മാസവും അഞ്ചിനു മുൻപ് ശമ്പളം നൽകുമെന്ന് മുഖ്യമന്ത്രിയും ഗതാഗത മന്ത്രിയും പ്രഖ്യാപിച്ചെങ്കിലും തീരുമാനം നടപ്പായില്ല എന്നാരോപിച്ചാണ് സമരം. അതേസമയം പണിമുടക്ക് സ്ഥാപനത്തെ തകർക്കുമെന്നും ജീവനക്കാർ പണിമുടക്കിൽ പങ്കെടുക്കരുതെന്നും മന്ത്രി കെ ബി ഗണേഷ് കുമാർ പറഞ്ഞു.

**((VOICE……….)**

==============================================

## NATIONAL GAMES

ഉത്തരാഖണ്ഡിൽ നടക്കുന്ന 38 ാമത് ദേശീയ ഗെയിംസിൽ മെഡൽ നേട്ടത്തിൽ കർണാടക ഒന്നാം സ്ഥാനത്ത്. സർവീസസ് രണ്ടാം സ്ഥാനത്തും മഹാരാഷ്ട്ര മൂന്നാം സ്ഥാനത്തുമാണ്. കേരളം പട്ടികയിൽ പതിനൊന്നാമതാണ്. ഇന്നലെ നടന്ന 200 മീറ്റർ വ്യക്തിഗത മെഡ്‌ലീ വിഭാഗത്തിൽ കേരളത്തിൻറെ നീന്തൽ താരം സജൻ പ്രകാശ് വെള്ളി നേടിയിരുന്നു.15 കിലോമീറ്റർ സ്ക്രാച്ച് റേസിൽ കേരളത്തിൻറെഅദ്വൈത് ശങ്കറും വെള്ളി മെഡൽ കരസ്ഥമാക്കി.

==============================================

## MAHAKUMBH - KING OF BHUTAN

ഭൂട്ടാൻ രാജാവ് ജിഗ്മേ ഖേസർ നംഗ്യേൽ വാങ്ചുക്ക് ഇന്ന് പ്രയാഗ് രാജിൽ കുംഭമേളയിൽ പങ്കെടുക്കും. ത്രിവേണി സംഗമത്തിൽ അദ്ദേഹം പുണ്യ സ്നാനം ചെയ്യും. ഇന്നലെയാണ് ഭൂട്ടാൻ രാജാന് ലഖ്നൗവിൽ എത്തിയത്. ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥിനൊപ്പം പ്രയാഗ് രാജിലെ ഹനുമാൻ ക്ഷേത്രവും അദ്ദേഹം സന്ദർശിക്കും.

==============================================

## US-TARRIF on GOODS

മെക്സിക്കൻ ഉൽപ്പന്നങ്ങൾക്ക് ഏർപ്പെടുത്തിയ 25 ശതമാനം ഇറക്കുമതി തീരുവ ഒരു മാസത്തേക്ക് താൽക്കാലികമായി നിർത്തുമെന്ന് യു.എസ് പ്രസിഡൻ്റ് ഡൊണാൾഡ് ട്രംപ്. മെക്സിക്കൻ പ്രസിഡൻ്റ് ക്ലോഡിയ ഷെയ്ൻബോമുമായുള്ള ചർച്ചയിൽ ഫെൻ്റനൈൽ കടത്തും അനധികൃത കുടിയേറ്റവും തടയാൻ യുഎസ്-മെക്സിക്കോ അതിർത്തിയിൽ സൈനികരെ വിന്യസിക്കാനുള്ള കരാറിന് ധാരണയായതായി ട്രംപ് പറഞ്ഞു. മെക്സിക്കോ, കാനഡ, ചൈന എന്നിവിടങ്ങളിൽ നിന്നുള്ള ഇറക്കുമതിക്ക് യു.എസ് പ്രസിഡൻ്റ് പുതിയ താരിഫ് പ്രഖ്യാപിച്ചിരുന്നു. കനേഡിയൻ പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോയുമായും ചൈനീസ് പ്രസിഡൻ്റ് ഷി ജിൻപിങ്ങുമായും പ്രസിഡന്റ് ട്രംപ് ചർച്ച നടത്തുമെന്നാണ് വിവരം.

=======================================

## CONGO-CEASEFIRE

കോംഗോയിൽ റവാണ്ട പിന്തുണയോടു കൂടി പ്രവർത്തിക്കുന്ന എം-23 വിമത വിഭാഗം വെടിനിർത്തൽ പ്രഖ്യാപിച്ചു. കഴിഞ്ഞ ആഴ്ച കോംഗോ സൈന്യവും വിമതരും തമ്മിലുണ്ടായ ഏറ്റുമുട്ടലിൽ 900 ത്തിലേറെ പേർ കൊല്ലപ്പെട്ടതായി ലോകാരോഗ്യ സംഘടന അറിയിച്ചു. പ്രധാന നഗരമായ ഗോമ വിമതർ പിടിച്ചെടുത്തതായും ബുക്കാവുയിലേക്ക് മുന്നേറുന്നതായും റിപ്പോർട്ടുകൾ ഉണ്ടായിരുന്നു.

=======================================

## NT. SYRIA BLAST

സിറിയയിലെ മെൻബിജിൽ കാർ ബോംബ് സ്ഫോടനത്തിൽ 20-ലേറെ പേർ കൊല്ലപ്പെട്ടു. കർഷക തൊഴിലാളികളുമായി പോകുകയായിരുന്ന ലോറി സ്ഫോടക വസ്തുക്കൾ നിറച്ച കാറിനെ കടന്നു പോകുന്നതിനിടെയാണ് അപകടം. സ്ഫോടനത്തിൻറെ ഉത്തരവാദിത്തം ആരും ഏറ്റെടുത്തിട്ടില്ല. മൂന്നു ദിവസത്തിനിടെ മേഖലയിലുണ്ടാകുന്ന രണ്ടാമത്തെ കാർ ബോംബ് സ്ഫോടനമാണിത്.

=================================================

**MEA NURLAN VISIT**

നാല് ദിവസത്തെ സന്ദർശനത്തിനായി ഷാങ്ഹായ് സഹകരണ സംഘടനാ സെക്രട്ടറി ജനറൽ നൂർലാൻ യെർ-മെക്ബയേവ് ന്യൂഡൽഹിയിൽ എത്തി. പ്രാദേശിക സഹകരണം, സുരക്ഷ, വ്യാപാര-സാമ്പത്തിക വികസനം എന്നിവ ശക്തമാക്കുന്നതിൻറെ ഭാഗമായാണ് സന്ദർശനമെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു.

===================

=============================

=================================================